"ഭരണഭാഷ മാതൃഭാഷ"

KSEB

# കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനി നിയമപ്രകാരം രൂപീകൃതം)

CIN: U40100KL2011SGC027424

ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം) കാര്യാലയം


രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം–695 004. കേരള

ടെലിഫോൺ നം. : 91-471-2514235, 91-471-2514463, 91-471-2448948

ഇ-മെയിൽ : esthrm@kseb.in,

വെബ് സൈറ്റ് : www.kseb.in.


## സംഗ്രഹം

എസ്റ്റാബ്ലിഷ്മെന്റ് - കെ.പി.എസ്.സി പെറ്റി കോൺട്രാക്ക് വർക്കേഴ്സ് ലിസ്റ്റിൽ നൽകിയിരിക്കുന്ന മേൽവിലാസത്തിലെ ജില്ലയിൽ നിന്നും ഇതര ജില്ലകളിൽ നിയമിതരായ ഇലക്ട്രിസിറ്റി വർക്കർമാരെ ജോലി ക്രമീകരണ (വർക്കിംഗ് അറേഞ്ച്മെന്റ്) വ്യവസ്ഥയിൽ താൽക്കാലികമായി മേൽപ്പറഞ്ഞ സ്വന്തം ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കോർപ്പറേറ്റ് ഓഫീസ് (മാനവ വിഭവശേഷി നിർവ്വഹണം)

ഓഫീസ് ഓർഡർ (CMD)1125/2023/ഇ.ബി.ഇ.ഡബ്ല്യൂ/പെറ്റി കോണ്ട്രാക്ക് വർക്കേഴ്സ്/ സ്ഥലംമാറ്റം/23-24 തീയതി, തിരുവനന്തപുരം, 09.08.2023

പരാമർശം : (1) B.O(FTD)No.652/2019 (EBEW/Petty Contract Worker/25/2017 dated, Tvpm, 31.08.2019.

(2) ബഹു. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്ക് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) സമർപ്പിച്ച കുറിപ്പ് നം.EBEW /പെറ്റി കോൺട്രാക്ക് വർക്കേഴ്സ്/സ്ഥലംമാറ്റം/23-24 തീയതി, തിരുവനന്തപുരം, 05.07.2023.

## ഉത്തരവ്

പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ 15.12.2004-ലെ വിധിയെ തുടർന്ന് 2019-ൽ നിയമിതരായ 1486 പെറ്റി കോൺട്രാക്ക് വർക്കേഴ്സിന്റെ നിയമന സമയത്ത് അതത് ജില്ലകളിൽ അന്ന് നിലവിലുണ്ടായിരുന്ന ഒഴിവുകൾക്ക് ഉപരിയായ ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റ് സീനിയോറിട്ടി ക്രമം അനുസരിച്ച് ഒഴിവുകൾ ലഭ്യമായ ജില്ലകളിൽ നിയമനം നടത്തുകയുണ്ടായി.

മേൽ തീരുമാന പ്രകാരം 248 പെറ്റി കോൺട്രാക്ക് വർക്കേഴ്സിനെ കെ.പി.എസ്.സി പെറ്റി കോൺട്രാക്ക് വർക്കേഴ്സ് ലിസ്റ്റിൽ നൽകിയിരിക്കുന്ന മേൽവിലാസത്തിലെ ജില്ലയിൽ നിന്നും മറ്റു ജില്ലകളിലേക്ക് മാറ്റി നിയമനം നടത്തുകയുണ്ടായി.

അപ്രകാരം മേൽ സൂചിപ്പിച്ച തരത്തിൽ സ്വന്തം ജില്ലവിട്ട് ഇതര ജില്ലകളിൽ നിയമനം ലഭിച്ച ഭൂരിഭാഗം പേരും 50 വയസ്സ് കഴിഞ്ഞവരും പലവിധ ആരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്നവരും ആണ്. ഇലക്ട്രിസിറ്റി വർക്കർമാർക്ക് ജില്ലവിട്ടുള്ള നിയമനം അനുവദനീയമല്ലാത്തതിനാൽ ഇവരെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് പരിഗണിക്കാൻ കഴിയില്ല. എന്നാൽ, ജോലി ക്രമീകരണ (വർക്കിംഗ് അറേഞ്ച്മെന്റ്) വ്യവസ്ഥയിൽ ഇവരെ അവരവരുടെ ജില്ലകളിൽ നിയമിക്കുന്നത് ബോർഡിന് യാതൊരുവിധ അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതല്ല എന്നും പരാമർശം (2) പ്രകാരം ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) അറിയിക്കുകയുണ്ടായി.

മേൽ വിഷയം വിശദമായി പരിശോധിക്കുകയും കെ.പി.എസ്.സി പെറ്റി കോൺട്രാക്ട് വർക്കേഴ്സ് ലിസ്റ്റിൽ നൽകിയിരിക്കുന്ന മേൽവിലാസത്തിലെ ജില്ലയിൽ നിന്നും ഇതര ജില്ലകളിൽ നിയമനം ലഭിച്ചവർക്ക് സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പും പൊതുജന താൽപര്യവും മുൻനിർത്തി മേൽ സൂചിപ്പിച്ച അവരവരുടെ ജില്ലയിലെ ഏതെങ്കിലും കാര്യാലയത്തിൽ ഇലക്ട്രിസിറ്റി വർക്കർ തസ്തികയുടെ ഒഴിവുകൾക്ക് വിധേയമായി മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ സീനിയോറിറ്റി മാനദണ്ഡപ്രകാരം താൽക്കാലികമായി ജോലി ക്രമീകരണ (വർക്കിംഗ് അറേഞ്ച്മെന്റ്) വ്യവസ്ഥയിൽ സ്ഥലംമാറ്റം നൽകാൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് മാനവ വിഭവശേഷി നിർവഹണ ചുമതലയുള്ള ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ
ഉത്തരവിൻ പ്രകാരം
ഒപ്പ്/-
സബിത.എസ്
സെക്രട്ടറി (ഭരണം)

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം).

പകർപ്പ്:

1) ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ആഡിറ്റർ/ ചീഫ് വിജിലൻസ് ഓഫീസർ/ചീഫ് പെഴ്സണൽ ഓഫീസർ/ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസർ.
2) കമ്പനി സെക്രട്ടറി.
3) ബഹു. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റ്.
4) എല്ലാ ഡയറക്ടർമാരുടെയും ടെക്നിക്കൽ അസിസ്റ്റന്റ്/പെഴ്സണൽ അസിസ്റ്റന്റ്.
5) സെക്രട്ടറി (ഭരണം)-യുടെ സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്.
6) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്